"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5678 — 02.07.2019 ൽ മറുപടിയ്ക്ക്

## റോഡുകളുടെ വികസനത്തിന് തടസമായി നിൽക്കുന്ന മരങ്ങൾ

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ. കെ.രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | റോഡുകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിലെ കാലതാമസം വികസന പ്രവർത്തനങ്ങൾ വൈകുന്നതിന് ഇടയാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളുടെ വികസനത്തിന് തടസ്സം നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് അതാത് ജില്ലയിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനർ ആയിട്ടുള്ള, G.O(Rt) No. 68/2010/F&WLD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ട്രീ കമ്മിറ്റി പ്രസ്തുത അപേക്ഷ പരിശോധിച്ച്, കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി അനുവാദം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വനം വകുപ്പ് തീരുമാനിക്കുന്ന വിലയ്ക്ക് മരങ്ങൾ ലേലത്തിലെടുക്കാൻ ആരും സന്നദ്ധരാവുന്നില്ല എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ; | (ബി) | 10.02.2010 ലെ G.O(Rt) No. 68/2010/F&WL സർക്കാർ ഉത്തരവ് പ്രകാരമാണ് പൊതു സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുവാൻ അനുവാദം നൽകുന്നത്. അനുമതി നൽകുന്ന മരത്തിന്റെ വില നിർണ്ണയം നടത്തുന്നത് എൻ.ആർ.നായർ വോളിയം ടേബിൾ പ്രകാരമാണ്. നിൽപ്പ മരത്തിന്റെ വിലയാണ് ഇപ്രകാരം നിർണ്ണയിക്കുന്നത്. ശാസ്ത്രീയമായി ഇപ്രകാരം നിർണ്ണയിച്ച വില കുറച്ചു കൊടുക്കുവാൻ വനം വകുപ്പിന് അധികാരമില്ല. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും, വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്ത പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതുമാണ്. |
| (സി) | തീരെ വിലകിട്ടാത്തതും ഉപയോഗപ്രദമല്ലാത്തതുമായ മരങ്ങൾ വികസന പ്രവർത്തനങ്ങൽക്കായി മുറിച്ചു നീക്കാൻ പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകുന്ന കാര്യം പരഗണിക്കുമോ; | (സി) | മരങ്ങൾ മുറിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിയ്ക്കുന്നത് വനേതര പ്രദേശങ്ങളിലെ അനാവശ്യമായ മരംമുറികൾ ഒഴിവാക്കുന്നതിന് വേണ്ടിയാണ്. ആയതിനാൽ ഈ വിഷയം വനം വകുപ്പിന്റെ പരിഗണനയിൽ ഇല്ല. പരിസ്ഥിതി കമ്മറ്റി അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒരു മരം മുറിയ്ക്കുവാൻ അനുമതി നൽകുന്നത് കേവലം സാമ്പത്തിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മറിച്ച് പാരിസ്ഥിതിക മൂല്യം കണക്കിലെടുത്താണ്. |
| (ഡി) | റോഡ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മരം മുറിക്കുന്നതിന് കരാറുകാരനെ അനുവദിക്കുന്നതിനും ലേല നടപടികൾ പിന്നീട് സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകാൻ സന്നദ്ധമാവുമോ; വ്യക്തമാക്കുമോ? | (ഡി) | ലേല നടപടികൾ പൂർത്തിയാക്കാതെ മരം മുറിയ്ക്കുവാൻ കരാറുകാരനെ അനുവദിച്ചാൽ അത് ക്രമക്കേടുകൾ നടക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. കൂടാതെ മുറിച്ചിട്ട തടികൾ പിന്നീട് ലേലം ചെയ്യാൻ അനുവദിച്ചാൽ അത് മരങ്ങൾ നഷ്ടപ്പെടുവാനും ഗുണനിലവാരം കുറയുവാനും അതുവഴി സർക്കാരിന് നഷ്ടം ഉണ്ടാകുവാനും സാധ്യത കൂടുതലാണ്. |

[signature]

സെക്ഷൻ ഓഫീസർ